# വിശുദ്ധ ക്വുർആൻ പിൻപറ്റുക

**ഗ്രന്ഥകർത്താവ്:** ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹി)
**ഗ്രന്ഥം:** ഫദ്ലുൽ ഇസ്ലാം
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

അല്ലാഹു ﷻ പറഞ്ഞു:

﴿ وَنَزَّلْنَا عَلَيْكَ ٱلْكِتَٰبَ تِبْيَٰنًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴾

﴿എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷ വാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്.﴾ (വി. ക്വു. അന്നഹ്ൽ: 89)

പ്രവാചകൻ ﷺ, ഉമർ رضي الله عنه വിന്റെ കൈയിൽ തൗറാത്തിന്റെ ഒരു ഏട് കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

« أَمُتَهَوِّكُونَ فِيهَا يَا ابْنَ الْخَطَّابِ وَالَّذِى نَفْسِى بِيَدِهِ لَقَدْ جِئْتُكُمْ بِهَا بَيْضَاءَ نَقِيَّةً لَوْ كَانَ مُوسَى – عليه السلام – حَيًّا واتبعتموه وتركتموني ضللتم»

((ഖത്ത്വാബിന്റെ മകൻ ഉമർ, അവധാനത ഒട്ടുമില്ലാതെ എല്ലായിടത്തും ചെന്നുചാടുന്ന പരിഭ്രമിയാണോ താങ്കൾ, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ നാഥനാണ് സത്യം, തീർച്ചയായും ഞാൻ നിങ്ങളുടെ അടുക്കൽ വെളുത്ത് തെളിഞ്ഞ ഇസ്ലാമുമായി വന്നിരിക്കുന്നു. മൂസാ عليه السلام ജീവിച്ചിരിക്കുകയും അദ്ദേഹത്തെ നിങ്ങൾ പിൻപ്പറ്റുകയും എന്നെ ഉപേക്ഷിക്കുകയും ചെയ്തുവെങ്കിൽ നിങ്ങൾ വഴിതെറ്റിപോകും.)) [1]

മറ്റൊരു രിവായത്തിൽ:

«لَوْ أَنَّ مُوسَى – ﷺ – كَانَ حَيًّا مَا وَسِعَهُ إِلاَّ أَنْ يَتَّبِعَنِى »

[1] നസാഈ, അഹ്മദ്, ശെയ്ഖ് അൽബാനി ഹദീഥിനെ 'ഹസൻ' ആയി അംഗീകരിച്ചിരിക്കുന്നു.

((മൂസ ജീവിച്ചിരിന്നുവെങ്കിൽ എന്നെ അനുധാവനം ചെയ്യുകയല്ലാതെ അദ്ദേഹത്തിന് മറ്റൊരു വഴിയുമില്ല.)) അപ്പോൾ ഉമർ ﵁ പറഞ്ഞു:

**رَضِيتُ بِاللهِ رَبًّا ، وَبِالإِسْلاَمِ دِينًا ، وَبِمُحَمَّدٍ رَسُولاً** (അല്ലാഹുവിനെ റബ്ബായിട്ടും ഇസ്‌ലാമിനെ ദീനായിട്ടും മുഹമ്മദ് ﷺയെ നബിയായിട്ടും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു) [2]

---

[2] *ഉമറു ﵁മായി ബന്ധപ്പെട്ട ഈ സംഭവം വിവിധ പദങ്ങളോട് കൂടി, ഇമാം അഹ്മദ്, ബൈഹക്വി, ദാരിമി, ഇബ്നു അബീ ആസ്വിം, ഇബ്നു അബ്ദിൽ ബർറ്, അൽ ഹറവി, അദ്ദ്വിയാഉൽ മക്വ്ദസി എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*